ടീ ബി യുടെ ചാപ്റ്റർ മീറ്റുകൾ വിവിധ സെന്ററുകളിൽ ഉത്സാഹപൂർവം നടന്നുകൊണ്ടിരിക്കുന്ന ഈ വേളയിൽ ഞങ്ങൾ കണ്ടെത്തിയ താരമാണീയാഴ്ചയുടെ ദളം.

"ടീ ബിയെക്കുറിച്ചു കേട്ടറിവേയുണ്ടായിരുന്നുള്ളു. ഗായകനും ക്രിക്കറ്ററും സംഘാടകനും സഹപ്രവർത്തകനും മാർഗ്ഗദർശിയുമായ രാജാമണിസാറിന്റെ ക്ഷണം എന്നെ അവിടെയെത്തിച്ചു. ആലുവയിലെ എഫ്.ബി.ഒ.എ ഓഡിറ്റോറിയം ചിരപരിചിതമായ സ്ഥലം. തന്റെ വ്യക്തിത്വവികാസവഴികളിൽ വെളിച്ചം വിതറിയ 'ഫിസാറ്റ്' എന്ന മഹാവിദ്യാലയശില്പികളുടെ കർമ്മഭൂമികയിൽ ഞാൻ ഒരു നിമിഷം ആദരവോടെ നിന്നു".

ഈ ആഴ്ച്ചയുടെ ദളം വിടരുന്നു.

സഹർഷം ദളം 257

റോസ്മേരി കാച്ചപ്പിള്ളി,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
അയ്യപ്പൻകാവ് ബ്രാഞ്ച്,
എറണാകുളം.

വനിതാദിനാചരണത്തിന്റെ സമുജ്ജ്വലമായ സന്ദേശങ്ങളും ആശയങ്ങളും കൊണ്ട് സമ്പുഷ്ടമായ വാരാന്ത്യത്തിലാണ് പുതുദളം വിടരുന്നതെന്ന സന്തോഷവും പങ്കുവയ്ക്കുന്നു.

എറണാകുളം ഞാറക്കലിലെ കാച്ചപ്പിള്ളി കുടുംബത്തിൽ ശ്രീ കെ.പി.പോളി - ശ്രീമതി ജെസി ജോൺ ദാമ്പത്യവല്ലരിയിലെ മൂന്നു ദളങ്ങളിൽ രണ്ടാമതായി പിറന്ന റോസ്മേരിയുടെ കുടുംബവിശേഷങ്ങളിൽ വിവിധ ബാങ്കുകളുടെ തണലും തുടിപ്പും പ്രഭ ചൊരിയുന്നുവെന്ന പ്രത്യേകതയും കൂടിയുണ്ട്.

പിതാവ്, ശ്രീ കെ.പി.പോളി ഫെഡറൽ ബാങ്കിൽ ദീർഘകാലം സേവനം ചെയ്ത് ചീഫ് മാനേജറായി വിരമിച്ചശേഷം അഭിഭാഷകനായും പ്രവർത്തിക്കുന്നു.
മാതാവ്, അദ്ധ്യാപികയായിരുന്നു. വിശ്രമജീവിതം ആഘോഷമാക്കുന്ന ഇരുവരും ചേർന്ന് ചെറായിതീരത്തൊരു റിസോർട്ട് സംരംഭത്തിന്റെ നായകത്വവും വഹിക്കുന്നു.

നായരമ്പലം ലൊബേലിയ ഇംഗ്ലീഷ് മീഡിയം ഹയർ സെക്കണ്ടറി സ്ക്കൂൾ, നോർത്ത് പറവൂർ ഇൻഫന്റ് ജീസസ് പബ്ലിക് സ്ക്കൂൾ, എന്നീ വിദ്യാലയങ്ങളിലൂടെ ഹയർസെക്കണ്ടറിതലം കഴിഞ്ഞ് അങ്കമാലി ഫെഡറൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് & ടെക്നോളജി (FISAT) യിൽ നിന്ന്

B. Tech ബിരുദം നേടിയ റോസ്മേരി പിതാവിന്റെ പാതപിന്തുടർന്ന് ബാങ്കറാവുകയായിരുന്നു.

സ്ക്കൂൾപഠനകാലത്ത് വിവിധ നൃത്തയിനങ്ങളിൽ മികവ് തെളിയിച്ചു; ഇംഗ്ലീഷ് പ്രസംഗം, കവിതാപാരായണം, ശാസ്ത്രീയ സംഗീതം, ലളിതസംഗീതം എന്നിവയിലും സമ്മാനിതയായി.
എറണാകുളം ജില്ലാതല സയൻസ് ഡ്രാമാഫെസ്റ്റിവലിൽ മികച്ച നടിയുടെ അവാർഡും സ്വന്തമാക്കി.

തന്റെ കലാപരമായ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിച്ചത് മാതാപിതാക്കളായിരുന്നു. ഒൻപതുവയസ്സുമുതൽ നാട്ടിലെ നൃത്താദ്ധ്യാപിക ശ്രീമതി കുസുമം ടീച്ചറുടെ ശിക്ഷണവും ലഭിച്ചു.
ഫിസാറ്റ് കാലത്ത് കോളേജിലെ വിവിധ കലാ സാംസ്കാരികപരിപാടികളിൽ പങ്കെടുത്ത് അംഗീകാരങ്ങൾ നേടി.
ഫിസാറ്റ് പവർ കമ്മ്യൂണിക്കേഷൻ വർക്ക്ഷോപ്പിൽ 'മിസ് എംപവർ' ആയി തെരഞ്ഞെടുക്കപ്പെട്ടതും പഠനകാലഅംഗീകാരങ്ങളിലെ തിളക്കമാർന്ന അദ്ധ്യായം.

പിതാവിന്റെ അർപണബോധവും സമർപ്പണവും തനിക്ക് മാതൃകയായി.
വിവിധ റിക്രൂട്ട്മെന്റ് ടെസ്റ്റുകളിൽ പങ്കെടുത്തു.
2013ൽ സൗത്ത്മലബാർ ബാങ്കിലായിരുന്നു ആദ്യനിയമനം.
ആറുമാസത്തിനുള്ളിൽ സ്റ്റേറ്റ് ബാങ്ക് ക്ലെറിക്കൽ റിക്രൂട്ട്മെന്റ് ടെസ്റ്റിൽ വിജയിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിലെ നിയമനം സ്വീകരിച്ചു. എസ്.ബീ.ടി പനമ്പള്ളിനഗർ RASMECCC, SBI ചിറ്റൂർ റോഡ് ബ്രാഞ്ച് എന്നിവിടങ്ങളിലെ സേവനശേഷം 2019 മുതൽ SBI അയ്യപ്പൻകാവ് ബാഞ്ചിൽ തുടരുന്നു.

"നൃത്തവും സംഗീതവും ഭാവസാന്ദ്രതയിലൂടെ തന്നിൽ ഉണർവും ഉന്മേഷവും നിറക്കുന്നു"- സമയം കിട്ടുമ്പോഴൊക്കയും കസിൻസും ഫ്രെണ്ട്സുമായി റീലുകളും ചെയ്യുന്നു.
ടാലന്റഡ് ബാങ്കേഴ്സ് ഫെയ്സ്ബുക്ക് പേജ് ഇപ്പോൾ റോസ്മേരിയുടെ പോസ്റ്റുകളാൽ സമ്പന്നവുമാണ്.

ടീ ബി എറണാകുളം ചാപ്റ്റർ മീറ്റിംഗിൽ പങ്കെടുക്കുവാൻ കഴിഞ്ഞതും അതുവഴി ടീബിയുടെ വിപുലമായ സുഹൃത്സമ്പത്തിന്റെ ഭാഗമാകാൻ കഴിഞ്ഞതിലുമുള്ള ചാരിതാർത്ഥ്യവും റോസ്മേരി പങ്കുവച്ചു, സംഭാഷണത്തിൽ.

കോട്ടയം മീറ്റിന്റെ നൃത്തവേദിക്കായി കാത്തിരിക്കുകയാണ്.
അതിനായുള്ള പരിശീലനവും തുടരുന്നു.

ലൂക്ക്, മാർക്കസ് എന്നീ രണ്ട് കുസൃതിക്കുരുന്നുകളുടെ അമ്മകൂടിയാണ്

റോസ്മേരി. ജീവിതസഖാവ്, ലിജോ പോൾ ബാങ്ക് ഓഫ് ബറോഡ മാംഗളൂർ ബ്രാഞ്ചിൽ സീനിയർ മാനേജരായി പ്രവർത്തിക്കുന്നു. ലിജോപോളും മാതാപിതാക്കളും നല്കുന്ന പ്രോത്സാഹനവും തനിക്ക് തുണയേകുന്നു. കുടുംബത്തിലെ ബാങ്കേഴ്സിന്റെ വൈവിധ്യമാർന്ന സമ്പന്നതയിൽ രണ്ടാൾ കൂടിയുണ്ട്- സഹോദരൻ, ഇന്ത്യൻ ബാങ്കിൽ ഡെപ്യൂട്ടി മാനേജരായ ശ്രീ പോളും, കനറാബാങ്കിൽ അസിസ്റ്റന്റ് മാനേജരായ ഭാര്യ അനുവും.

ഇളയസഹോദരി അന്നാമേരി, അഡ്വക്കേറ്റായി പ്രാക്ടീസ് ചെയ്യുന്നു; തന്റെ നൃത്തവിഡിയോകളുടെ ഭാഗമാവുകയും ചെയ്യുന്നു.

ബാങ്കിംഗ് സേവനരംഗത്തും ശ്രദ്ധേയമായ അംഗീകാരങ്ങൾക്കുടമയാണീ ബാങ്കർ.

നൃത്തത്തിലും സംഗീതത്തിലും സപര്യ തുടരുന്ന റോസ്മേരിക്കും കുടുബത്തിനും

ആശംസകളോടെ,

ടാലന്റഡ് ബാങ്കേഴ്സ്.

---

തയ്യാറാക്കിയത് : ബീ.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Arya Gayathry , State Bank of India, RBO Pathanamthitta

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RASMEC, പത്തനംതിട്ട

---

We found today's Talented Banker from one of the TB Chapter meets that were recently conducted. "I had only heard of the Talented Bankers group till a short time ago. I was excited when the singer-cricketer-organizer- social worker-mentor Rajamony sir invited me to the TB Chapter meeting at the Aluva FBOA Auditorium. The place was well-known to me - a part of the Federal Institute of Science and Technology(FISAT) that molded me into who I am now!"

Talented Banker 257

Rosemary Kachappilly
State Bank of India
Ayyappankavu Branch
Ernakulam

We are happy to introduce this talent during the weekend celebrations of International Women's Day.

She was born into the Kachappilly family of Njarakkal, Ernakulam, to Sri. K.P.Poly and Smt. Jessy John. Her father, Sri. K.P.Poly, after retiring as Chief Manager from the Federal Bank Ltd, is presently practising law. After retiring from her teaching career, her mother alongside her father, built a resort at Cherai.

She did her schooling at Nayarambalam Lobelia English Medium Higher Secondary School, North Paravur Infant Jesus Public School, and then graduated from FISAT to be a banker like her father.

She showed her mettle in dance even during her school days. She also won English Elocution, Recitation, Carnatic Music, and Light Music prizes. She was once awarded the Best Actress in the Ernakulam district-level Science Drama Festival.

Her parents were her pillars of support - they recognized her prowess in dance and took her to learn dance under Smt. Kusumam. At FISAT, she was popular for her extracurricular activities. She became the 'Miss Empower' in the FISAT Power Communication Workshop.

Learning dedication and self-discipline from her father, she cleared the recruitment tests of various banks. Her first posting was in 2013 with the South Malabar Bank. Within six months, she passed the State Bank recruitment test and joined the State Bank of Travancore at their Panampally Nagar RASMECCC. From there, she was transferred to the SBI Chittoor Road branch and then in 2019 to the Ayyappankavu branch, where she still works.

Dance and Music keep her engaged and energetic to move forward. Whenever she found time, she made reels with her cousins and friends. Loads of her reels flood the Talented Bankers FB Page now. Rosemary has won many recognitions within the bank too.

Rosemary feels grateful to join the Talented Bankers group and win numerous friends, through her decision to join the TB Ernakulam Chapter Meet. She awaits the Kottayam TB Meet to rock the stage, and has already started practice for the same!

Rosemary is the mother to two cute spirited kids - Luke and Marcus. Her husband, Lijo Paul, is a senior manager at the Mangalore branch of the Bank of Baroda. Her parents and husband are her constant supporters. Her elder brother Sri. Paul is a Deputy Manager at the Indian Bank and his wife Anu is an Assistant Manager at the Canara Bank. Her younger sister Annamary who is a practising lawyer is her partner in most reels.

May Rosemary climb heights in dance and music. We wish her and her family a blessed life.